# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *109 — 11.02.2016-ൽ മറുപടിയ്ക്ക്

## പൊതുമരാമത്ത് വകുപ്പിന്റെ ആധുനികവൽക്കരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം.വി.ശ്രേയാംസ്കുമാർ**<br>**,, റോഷി അഗസ്റ്റിൻ**<br>**ഡോ.എൻ.ജയരാജ്** | **ശ്രീ.വി.കെ. ഇബ്രാഹിംകുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിനായി ഏർപ്പെടുത്തിയ പരിഷ്കാരങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ; | (എ) പൊതുമരാമത്ത് വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് മാന്വൽ പരിഷ്കരിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഓൺലൈനായി സമർപ്പിച്ച് അവയ്ക്ക് അംഗീകാരം നൽകുന്നതിന് NICയുമായി സഹകരിച്ച് PRICE സോഫ്റ്റ്വെയർ രൂപകൽപ്പന ചെയ്ത് നടപ്പിലാക്കി. ടെണ്ടർ നടപടിക്രമങ്ങളിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനായി ഇ-ടെണ്ടറിംഗ് നടപ്പിലാക്കി. ഇ-പേയ്മെന്റ് നടപ്പിലാക്കിവരുന്നു. പൊതുമരാമത്ത് പ്രവൃത്തികൾ ദേശീയ നിലവാരത്തിൽ ഉയർത്തുന്നതിലേയ്ക്കായി CPWD ഡേറ്റയും MORTH Specification-നും നാഷണൽ ബിൽഡിംഗ് കോഡും, പൊതുവായി Delhi Schedule of rate-ഉം നടപ്പിലാക്കി. പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ജില്ലാതലത്തിൽ Quality Control ലാബുകൾ സ്ഥാപിച്ചു. നിർമ്മാണ രംഗത്തെ ആധുനിക സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്നതിനും നടപ്പാക്കുന്നതിനും വേണ്ടി ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിച്ചിട്ടുണ്ട്. വകുപ്പിന്റെ കീഴിൽ ഒരു കേന്ദ്രീകൃത പരിശീലന സ്ഥാപനം (ട്രെയിനിംഗ് സെന്റർ) തുടങ്ങുന്നതിനു വേണ്ടി നേര്യമംഗലത്ത് കെട്ടിട നിർമ്മാണം നടന്നുവരുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പരിഷ്കാരങ്ങൾ പൊതു മരാമത്ത് വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് എത്രത്തോളം സഹായകരമായി എന്നു വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ? | (ബി) | പ്രസ്തുത പരിഷ്കാരങ്ങൾ മുഖേന പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കിയിട്ടുണ്ട്. മാന്വൽ പരിഷ്കരണത്തിലൂടെ ഉദ്യോഗസ്ഥരുടെ അധികാരങ്ങൾ പുനഃക്രമീകരിച്ചതിനാൽ പ്രവൃത്തികൾ ത്വരിതപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്. ഓൺ ലൈൻ സംവിധാനമായ PRICE സോഫ്റ്റ്‌വെയർ നടപ്പിലാക്കിയതു വഴി എസ്റ്റിമേറ്റ് തയ്യാറാക്കി അവ അംഗീകരിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുവാൻ കഴിയുന്നുണ്ട്. ഇ-ടെണ്ടറിംഗ്, ഇ-പേയ്മെന്റ് സംവിധാനം വഴി വകുപ്പിന്റെ പ്രവർത്തനങ്ങൾ വേഗത്തിലും സുതാര്യമാക്കുവാനും സാധിക്കുന്നുണ്ട്. CPWD ഡേറ്റയും, MORTH Specificationനും, നാഷണൽ ബിൽഡിംഗ് കോഡും, Delhi Schedule of rate-ഉം നടപ്പിലാക്കിയതുവഴി പ്രവൃത്തികളെ ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുവാൻ കഴിയുന്നുണ്ട്. Quality Control ലാബുകൾ മുഖേന നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കാൻ സാധിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**